# Coconut Producers' Society Mentoring and Vision building Training fo CPSs in Alappuzha district started at SCMS, Kalamassery

**Dr.V. Raman Nair, Director, SCMS inaugurated the Training on 18-9-2012 at 10.30 am**




SCMS-COCHIN
LEADERSHIP TRA NG PROGRAMME
FOR THE OF BEARERS OF
COCONUT PR ERS' SOC TY
OCHIN


LEADERSHIP TRAINING
FOR THE OFFICE
COCONUT
VENUE:
SCMS-COCHIN


TRAINING PROGRAMME
THE OFFICE BEARERS OF
PRODUCERS'
VENUE: SCMS - COCHIN


COCONUT





नारियल विकास बोर्ड
(कृषि मंत्रालय, भारत सरकार), केरा भवन, कोची – 682 011, भारत
COCONUT DEVELOPMENT BOARD
(Ministry of Agriculture, Government of India)
Kera Bhavan, SRVHS Road, Kochi – 682 011, India
Email: kochi.cdb@gov.in, Web:www.coconutboard.gov.in

फैक्स Fax : 91-484-2377902
टेलिग्राम Telegram:KERABOARD
दूरभाष Telephones
अध्यक्ष Chairman : 2375216
मु.ना.वि.अ.CCDO : 2375999
निदेशक Director : 2375237
सचिव Secretary : 2377737
कार्यालय Office : 2376265
2376553
2377267

21.09.2012

പ്രസ് റിലീസ്

# സിപിഎസ് ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന ക്യാമ്പ് എസ്.സി.എം.എസിൽ നടത്തി

നാളികേര കർഷകരുടെ കൂട്ടായ്മയായ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി (സിപിഎസ്)യുടെ ആലപ്പുഴ ജില്ലാ ഭാരവാഹികൾക്കായി സംഘടിപ്പിച്ച മൂന്ന് ദിവസത്തെ നേതൃത്വ പരിശീലന പരിപാടി കളമശ്ശേരിയിലെ എസ്.എസി.എം.എസിൽ നടത്തി. ആല പ്പുഴ ജില്ലയിലെ സിപിഎസുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും അംഗങ്ങ ളുടെ മേൽനോട്ടത്തിൽ കൂടുതൽ കേരകർഷകരെ ഈ മേഖലയിലേക്ക് കൊണ്ടുവ രുന്നതിനും അവർക്കാവശ്യമായ നേതൃത്വപാടവം വളർത്തുന്നതിനും വേണ്ടിയാണ് പരി ശീലനം.

മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളുടെ നിർമ്മാണരീതികളും അതിനുള്ള സാങ്കേ തിക പരിജ്ഞാനവും കർഷകർക്ക് പരിശീലന പരിപാടിയിലൂടെ പകർന്നുകൊടുത്തു. പതിനെട്ടു കോടിയോളം തെങ്ങുകളുള്ള കേരളത്തിൽ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും പുറമേ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും കയ റ്റുമതി ചെയ്യുന്നതിനുമുള്ള വിപുലമായ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി.കെ. ജോസ് ഐ.എ.എസ് പറഞ്ഞു. കൊപ്രയും വെളിച്ചണ്ണയുമൊഴികെ മറ്റ് മൂല്യവർദ്ധിത കേരോൽപന്നങ്ങളായ പായ്ക്ക് ചെയ്ത കരി ക്കിൻ വെള്ളം, തൂൾതേങ്ങ, തേങ്ങപാൽപൊടി, നാളികേര ക്രീം, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയവ നിർമ്മിച്ച് കയറ്റുമതി ചെയ്ത് വരുമാനം നേടുന്നതിലൂടെ കേരകർഷകരുടെ ആത്മവിശ്വാസം വീണ്ടെടുക്കുവാനും തെങ്ങ്കൃഷി കേരളത്തിലെ കർഷകർക്ക് ലാഭകര മാക്കുവാനും കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആരോഗ്യമേഖലയിൽ ആക്ടിവേ റ്റഡ് കാർബൺ ഒഴിച്ചുകൂടാനാവാത്തതാണ്. ലോകത്ത് പോഷകമൂല്യമുള്ളതും വിഷവി മുക്തവുമായ ഒരേയൊരു പാനീയം കരിക്കിൻ വെള്ളമാണ്. എസ്.സി.എം.എസ് ബയോ ടെക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത നാളികേരത്തിൽ നിന്നുമുള്ള ക്രീം വിപ ണിയിൽ വൻ പ്രതീക്ഷകൾ നൽകുന്നതായും ശ്രീ. ടി.കെ.ജോസ് അറിയിച്ചു. നാല് ശത മാനത്തിൽ കുറവു മാത്രം കൊഴുപ്പുള്ള നാളികേര ക്രീമിന് അന്തർദേശീയ വിപണിയിൽ വൻ ഡിമാന്റ് ആണ് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. കാർഷിക മേഖലയിലും ബിസി നസ് മാനേജ്മെന്റ് സ്കൂളുകൾക്ക് നിർണ്ണായക പങ്കാളിത്തം ഉള്ളതിനാലാണ് എസ്.സി. എം.എസിൽ ഈ ക്യാമ്പ് സംഘടിപ്പിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആരോഗ്യമുള്ള തെങ്ങുകൾക്കായി നല്ലയിനം തൈകൾ കർഷകർക്ക് ആവശ്യത്തിനു ലഭ്യമാക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും നാളികേര വികസന ബോർഡ് വേണ്ടതു ചെയ്യു മെന്നും ചെയർമാൻ പറഞ്ഞു. ഈ നൂതന ആശയങ്ങൾ എല്ലാ കർഷകരിലേക്ക് എത്തി

ക്കുകയും അവ ഏകോപിപ്പിച്ച് നയിക്കുകയും ചെയ്യാനുള്ള ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമാണ് എസ്.സി.എം.എസ് കാമ്പസിൽ നടന്നത്.

വെളിച്ചെണ്ണയുടെ വില നിശ്ചയിക്കുന്ന കുത്തക കമ്പനികൾ കേരകർഷകർക്ക് കനത്ത ആഘാതം ഏൽപിക്കുമ്പോഴും, ശ്രീലങ്ക, തായ്‌ലന്റ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ കേരകർഷകർ ഇതര നാളികേരോൽപന്നങ്ങളിലൂടെ സാമ്പത്തിക ഭദ്രത നിലനിർത്തുന്ന സമ്പ്രദായം ഇവിടെയും ഉണ്ടാവണമെങ്കിൽ ബോർഡിന്റെ പദ്ധതികൾ ഉടൻ നടപ്പിലാക്കണം. തെങ്ങുകൃഷി മേഖലയിൽ സ്ഥായിയായ വരുമാനവും നേട്ടങ്ങളും ഉറപ്പുവരുത്തുവാൻ സംസ്ഥാനത്തെ കേരകർഷകർ ഒത്തൊരുമിച്ചാൽ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ മേൽനോട്ടത്തിലൂടെ കേരളത്തിന്റെ കൽപവൃക്ഷമായ തെങ്ങ് ഒരു മൃതസഞ്ജീവനിയായിത്തീരുമെന്നും നാളികേര വികസന ബോർഡ് അതിനു പ്രതിജ്ഞാബദ്ധമാണെന്നും ചെയർമാൻ അറിയിച്ചു.

നാളികേര വികസന ബോർഡും എസ്.സി.എം.എസും സംയുക്തമായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ എസ്.സി.എം.എസ് ഡയറക്ടർ ഡോ. രാമൻ നായർ, വിദ്യാഭ്യാസ വിദഗ്ദ്ധൻ എം.എ.എസ്. മേനോൻ എന്നിവർക്കൊപ്പം എസ്.സിഎം.എസിലെ ഫാക്കൽറ്റി അംഗങ്ങളും ക്ലാസ്സുകളെടുത്തു.

കൊച്ചി | പബ്ലിസിറ്റി ഓഫീസർ